കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ്- 2025 -26 സാമ്പത്തിക വർഷം-ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന(ബി) വകുപ്പ്

**G.O.(Rt)269/2025/WCDD** **Dated,10/06/2025**

---

എ.എസ് നമ്പർ : AS/WCD/25/42659 കാലാവധി : 31/03/2026

AS/WCD/25/42659

പരാമർശം:- 1 . വനിത ശിശു വികസന ഡയറക്ടറുടെ 28/03/2025 തീയതിയിലെ DWCD/1998/2025 ICDS A5 നമ്പർ കത്ത്

2. 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ്

3 സ.ഉ(സാധാ)നം.230/2025 / *WCDD* തീയതി 29/05/2025

<u>ഉത്തരവ്</u>

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് രണ്ട് വയസ്സ് തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതും കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആദ്യ 1000 ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമുണ്ട്. കുട്ടിയുടെ ആദ്യ 1000 ദിനങ്ങളിൽ അനുയോജ്യമായ വളർച്ചയും വികസനവും ഉറപ്പിക്കുന്നതിനായി അമ്മയുടെ ആരോഗ്യത്തിനും സുഖകരമായ ജീവിതത്തിനും പദ്ധതിയുടെ ഭാഗമായി പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

(2) അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013ൽ ആരംഭിച്ച ആദ്യ 1000 ദിന പരിപാടി എന്ന പദ്ധതി നിലവിൽ സംസ്ഥാനത്താകെയുള്ള 57 പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന പരിപാടി സംഘടിപ്പിക്കാവുന്നതാണ്.

<u>ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ്</u>

കേരളത്തിൽ കുറഞ്ഞ ജനനഭാരത്തോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിനായി ആദ്യ 1000 ദിന പരിപാടിയുടെ ഭാഗമായി പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് ലഭ്യമാക്കുന്നു.

ബഡ്ജറ്റ്

(1)ആകെ 57 പ്രൊജക്റ്റ്

1 കിലോഗ്രാം തെറാപ്യൂട്ടിക് ഫുഡിന്റെ വില - 100/- രൂപ (including transportation charge)

ആകെ PM/LM ന്റെ എണ്ണം (ഒരു പ്രോജക്ടിൽ) - 150

ഒരു മാസത്തേയ്ക്ക് ആവശ്യമായ തെറാപ്യൂട്ടിക് ഫുഡ് - 3 കി.ഗ്രാം (ഒരു ഗുണഭോക്താവിന്)

ഒരു പ്രോജക്ടിന് ഒരു മാസത്തേയ്ക്കുള്ള തുക – 100 x3 x 150 = 45,000/–

12 മാസത്തേയ്ക്ക് ആവശ്യമായ തുക – 45,000 x 12 = 5,40,000/–

Total for 57 project – 5,40,000 x 57 = 3,07,80,000/–

(3) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 57 പ്രോജക്ടുകളിൽ നടപ്പിലാക്കിവരുന്ന ആദ്യ 1000 ദിന പരിപാടി പ്രസ്തുത പ്രോജക്ടുകളിൽ നടപ്പിലാക്കുന്നതിനായി പ്രതീക്ഷിക്കുന്ന ചെലവ് 3,07,80,000/- രൂപ (മൂന്ന് കോടി ഏഴ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) 2025-26 സാമ്പത്തിക വർഷത്തെ അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയുടെ കീഴിൽ 2235-02-102-50 (പി) ൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന പരാമർശം(1) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് . കൂടാതെ ഗുണഭോക്താക്കളുടെ എണ്ണം കൂടുതലുള്ള പ്രോജക്ടുകൾക്ക് വേണ്ടി വരുന്ന അധിക തുക ഗുണഭോക്താക്കളുടെ എണ്ണം കുറവുള്ള പ്രോജക്ടുകൾക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തുന്നതിനുള്ള അനുമതി കൂടി നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് സമഗ്ര ഭരണാനുമതി നൽകുന്നതിലേക്കായി അംഗീകാരം നൽകാൻ തീരുമാനിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി പദ്ധതികളുടെ എണ്ണം ശരാശരി അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന വ്യവസ്ഥയോടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 57 പ്രോജക്ടുകളിൽ നടപ്പിലാക്കിവരുന്ന ആദ്യ 1000 ദിന പരിപാടി പ്രസ്തുത പ്രോജക്ടുകളിൽ നടപ്പിലാക്കുന്നതിനായി പ്രതീക്ഷിക്കുന്ന ചെലവ് ₹ 3,07,80,000/- രൂപ (മൂന്ന് കോടി ഏഴ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) 2025-26 സാമ്പത്തിക വർഷത്തെ അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയുടെ കീഴിൽ 2235-02-102-50 (പി) ൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു

AS/WCD/25/42659

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | 2025 26 ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച് | 3,07,80,000 |
| ആകെ (മൂന്ന് കോടി ഏഴ് ലക്ഷത്തി എൺപതിനായിരം രൂപ) | | **3,07,80,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.12 12:28:32 +05:30

AS/WCD/25/42659